# ALL INDIA RADIO, THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE : 08.04.2025** **TIME : 07.25 AM**

### പ്രധാന വാർത്തകൾ

1. ലിസ്ബൺ നഗരത്തിന്റ പരമോന്നത ബഹുമതി ഏറ്റുവാങ്ങി രാഷ്ട്രപതി ദ്രൗപദി മുർമു; പോർച്ചുഗീസ് പ്രധാനമന്ത്രിയുമായി ഇന്ന് കൂടിക്കാഴ്ച നടത്തും.

   **President Droupadi Murmu was presented with the prestigious "Key of Honour" of Lisbon City in Portugal. President Murmu will meet Portuguese Prime Minister Luis Montenegro today.**

2. പ്രധാനമന്ത്രി മുദ്ര യോജനയ്ക്ക് ഇന്ന് പത്ത് വർഷം; ഇതുവരെ നൽകിയത് 52 കോടി വായ്പകളിലായി 32 ലക്ഷം കോടി രൂപ.

   **Mudra Yojana launched in 2015 is completing 10 years today. Over 52 crore loans worth more than 32 lakh crore rupees have been sanctioned under Pradhan Mantri Mudra Yojana till date.**

3. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷായുടെ ജമ്മു കാശ്മീർ സന്ദർശനം തുടരുന്നു.

   **Union Home Minister Amit Shah's visit to Jammu and Kashmir continues.**

4. 2030 ഓടെ മാരിടൈം മേഖലയിൽ ഒന്നര ലക്ഷം കോടി രൂപയുടെ നിക്ഷേപം ആകർഷിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ.

   **Union Minister Sarbananda Sonowal hopes to attract investment of Rs 1.5 lakh crore in the maritime sector by 2030.**

5. ഐ.പി.എൽ ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസിനെ പരാജയപ്പെടുത്തി ബംഗളൂരു റോയൽ ചലഞ്ചേഴ്സ് ; ഇന്ന് രണ്ട് മത്സരങ്ങൾ.

**Royal Challengers Bangalore defeat Mumbai Indians in IPL cricket; two matches today.**

**&&&&&&&&&&&&&&&&&&&&&&**

## PRESIDENT LISBON (INTRO)

ഇന്ത്യ- പോർച്ചുഗീസ് ബന്ധം ശക്തിപ്പെടുത്തുന്നതിലും രാജ്യത്തെ സാമ്പത്തിക മേഖല ശക്തിപ്പെടുത്തുന്നതിലും പോർച്ചുഗലിലെ ഇന്ത്യൻ സമൂഹം നിർണായക സംഭാവന നൽകുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു. ലിസ്ബൺ നഗരത്തിൻറെ പരമോന്നത ബഹുമതിയായ **കീ ടു സിറ്റി ഓഫ് ലിസ്ബൺ** രാഷ്ട്രപതി ഏറ്റുവാങ്ങി. 2047 ഓടെ വികസിത രാഷ്ട്രമാക്കുന്നതിനുള്ള ഇന്ത്യയുടെ മുന്നേറ്റത്തിൽ പോർച്ചുഗലിന് നിർണായക സ്ഥാനമുണ്ടെന്ന് രാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ് -വോയിസ്)

ലിസ്ബണിൽ പോർച്ചുഗൽ പ്രസിഡന്റ് മാർസെലോ റെബലോ ഡി സൂസയുമായി രാഷ്ട്രപതി കൂടിക്കാഴ്ച നടത്തി. ഇന്ന് പോർച്ചുഗീസ് പ്രധാനമന്ത്രി ലൂയിസ് മോണ്ടിനെഗ്രോയുമായി കൂടിക്കാഴ്ച നടത്തും. രാഷ്ട്രപതി നാളെ സ്ലോവാക്യ സന്ദർശിക്കും.

**&&&&&&&&&&&&&&&&&&&&&&**

## NEW DELHI- PM

ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ നാളെ രാവിലെ നടക്കുന്ന നവകർ മഹാമന്ത്ര ദിവസിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. ജൈനമതത്തിലെ ഏറ്റവും ആദരണീയവും സാർവത്രികവുമായ മന്ത്രമായ നവകർ മഹാമന്ത്രത്തിന്റെ കൂട്ടായ ജപത്തിലൂടെ ആളുകളെ ഒന്നിപ്പിക്കാൻ ശ്രമിക്കുന്ന ആത്മീയ ഐക്യത്തിന്റെ സുപ്രധാനമായ ആഘോഷമാണ് നവകർ മഹാമന്ത്ര ദിവസ്.

സമാധാനത്തിനും ഐക്യത്തിനും വേണ്ടിയുള്ള സമ്മേളനത്തിൽ 108-ലധികം രാജ്യങ്ങളിൽ നിന്നുള്ള ആളുകൾ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&

## MUDRA LOAN

പ്രധാനമന്ത്രി മുദ്രാ യോജനയിലൂടെ ഇതുവരെ 52 കോടി വായ്പകളിലായി 32 ലക്ഷം കോടി രൂപ അനുവദിച്ചു. സംരംഭകരെ ശക്തിപ്പെടുത്തുന്നതിനും ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ട് 2015 ൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് മുദ്രാ യോജന പദ്ധതി ആരംഭിച്ചത്. ഇന്ന് മുദ്രാ യോജന 10 വർഷം പൂർത്തീകരിക്കുകയാണ്.

&&&&&&&&&&&&&&&&&&&

## AMIT SHAH – J&K VISIT

ജമ്മു കശ്മീരിൽ പര്യടനം തുടരുന്ന കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്നലെ വൈകുന്നേരം ശ്രീനഗറിൽ എത്തി. ശ്രീനഗർ വിമാനത്താവളത്തിൽ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹയും മുഖ്യമന്ത്രി ഒമർ അബ്ദുള്ളയും അദ്ദേഹത്തെ സ്വീകരിച്ചു. സംസ്ഥാനത്തെ സുരക്ഷാ സാഹചര്യം കേന്ദ്രമന്ത്രി വിലയിരുത്തും. ജൂലൈ 3 ന് ആരംഭിക്കുന്ന അമർനാഥ് യാത്രയെ കുറിച്ചുള്ള സമഗ്ര അവലോകന യോഗത്തിലും പങ്കെടുക്കും. ഇന്ന് ഉച്ചകഴിഞ്ഞ് ന്യൂഡൽഹിയിലേക്ക് മടങ്ങും.

&&&&&&&&&&&&&&&&&&&

## SARBANANDA SONOWAL (INTRO)

രാജ്യത്ത് രൂപീകരിക്കുന്ന 25,000 കോടി രൂപയുടെ മാരിടൈം വികസന ഫണ്ട് വിനിയോഗിച്ച് 2030 ഓടെ മാരി ടൈം മേഖലയിൽ ഒന്നരലക്ഷം കോടി രൂപ നിക്ഷേപം ആകർഷിക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നതെന്ന് കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ പറഞ്ഞു. കൊച്ചി കപ്പൽശാല നിർമിക്കുന്ന രണ്ട് ഹരിത ടഗ്ഗുകളുടെ സ്റ്റീൽ കട്ടിംഗ് ചടങ്ങിൽ സംസാരിക്കുകയായിരുന്നു കേന്ദ്ര മന്ത്രി. കൊച്ചി കപ്പൽശാലയുടെ പ്രവർത്തനങ്ങളെ അദ്ദേഹം അഭിനന്ദിച്ചു.

(വോയ്സ്)

ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റിയിലെ പെൺകുട്ടികളുടെ ഹോസ്റ്റൽ - ലൈബ്രറി കെട്ടിടത്തിന് കേന്ദ്രമന്ത്രി ഇന്ന് തറക്കല്ലിടും. വെല്ലിങ്ടൺ ഐലൻഡിലുള്ള ക്യാമ്പസിൽ രാവിലെയാണ് ചടങ്ങ്.

&&&&&&&&&&&&&&&&&&&

## DEFENCE MINISTRY – BHARAT ELECTRONICS

ബെംഗളൂരുവിലെ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡുമായി പ്രതിരോധ മന്ത്രാലയം 2,385 കോടി രൂപയുടെ കരാർ ഒപ്പിട്ടു. എംഐ-17 വി5 ഹെലികോപ്റ്ററുകൾക്കുള്ള ഇലക്ട്രോണിക് വാർഫെയർ സ്യൂട്ടുകളും മറ്റും വാങ്ങുന്നതിനായാണിത്.

&&&&&&&&&&&&&&&&&&&

## DUBAI CROWN PRINCE

ദുബായ് കിരീടാവകാശിയും യുഎഇ ഉപപ്രധാനമന്ത്രിയുമായ ഷെയ്ഖ് ഹംദാൻ ബിൻ മുഹമ്മദ് അൽ മക്തൂം രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന്

ഇന്ത്യയിലെത്തും. മന്ത്രിമാരും ഉദ്യോഗസ്ഥരും ഉന്നതതല ബിസിനസ് പ്രതിനിധി സംഘവും അദ്ദേഹത്തോടൊപ്പം ഉണ്ടാകും.

&&&&&&&&&&&&&&&&&&&

## TRUMP – ADDITIONAL TARIFF ON CHINA

ചൈനയ്ക്കെതിരെ 50 ശതമാനം അധിക തീരുവകൂടി പ്രഖ്യാപിച്ച് അമേരിക്കൻ പ്രസിഡന്റ് ഡൊണൾഡ് ട്രംപ് . രണ്ട് ദിവസം മുമ്പാണ് യു.എസ് ഉത്പന്നങ്ങൾക്ക് ചൈന 34 ശതമാനം തീരുവ പ്രഖ്യാപിച്ചത്. ചൈനീസ് ഉത്പന്നങ്ങൾക്ക് അമേരിക്ക 34 ശതമാനം തീരുവ പ്രഖ്യാപിച്ചതിന് പകരമായിരുന്നു ഈ നടപടി. സമ്മർദ്ദത്തിലാക്കുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്യുന്ന അമേരിക്കൻ നടപടിയെ അംഗീകരിക്കില്ലെന്ന് ചൈന അറിയിച്ചു.

&&&&&&&&&&&&&&&&&&&

## US – IRAN TALKS

ആണവ പദ്ധതി സംബന്ധിച്ച് ഇറാനുമായി ചർച്ച നടത്തുമെന്ന് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ചർച്ച പരാജയപ്പെട്ടാൽ വലിയ പ്രത്യാഘാതംനേരിടേണ്ടി വരുമെന്നും മുന്നറിയിപ്പ് നൽകി. ശനിയാഴ്ച ചർച്ചകൾ ആരംഭിക്കുമെന്നും ഇസ്രയേലി പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവുമായി ഓവലിലെ ഓഫീസിൽ നടത്തിയ സംയുക്ത വാർത്താസമ്മേളനത്തിൽ ട്രംപ് പറഞ്ഞു.

&&&&&&&&&&&&&&&&&&&

## US SC DENIES STAY– TAHAWWUR RANA

ഇന്ത്യക്ക് കൈമാറാനുള്ള ഉത്തരവ് സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെട്ട് മുംബൈ ഭീകരാക്രമണക്കേസിലെ പ്രതി

തഹാവുർ റാണ സമർപ്പിച്ച ഹർജി യുഎസ് സുപ്രീംകോടതി തള്ളി. അറുപത്തിനാലുകാരനായ റാണ നിലവിൽ ലോസ്ആഞ്ചലസിലെ മെട്രോപൊളിറ്റൺ ഡിറ്റൻഷൻ സെന്ററിൽ തടവിലാണ്. മുംബൈ ഭീകരാക്രമണത്തിന്റെ മുഖ്യ ആസൂത്രകനായ പാക്- അമേരിക്കൻ ഭീകരൻ ഡേവിഡ് കോൾമാൻ ഹെഡ്ലിയുടെ കൂട്ടാളിയായിരുന്നു റാണ. ഇന്ത്യക്ക് കൈമാറാനുള്ള ഉത്തരവിനെതിരെ കഴിഞ്ഞ ഫെബ്രുവരി 27ന് റാണ സുപ്രീംകോടതിയെ സമീപിച്ചിരുന്നു. ഇത് തള്ളിയതിനെ തുടർന്ന് കഴിഞ്ഞ നാലിന് വീണ്ടും നൽകിയ അപേക്ഷിയാണ് വീണ്ടും തള്ളിയത്.

**&&&&&&&&&&&&&&&&&&&**

## VAISHNAW-WAVES (INTRO)

ഡിജിറ്റൽ സാങ്കേതിക വിദ്യ രാജ്യത്തിൻറെ എല്ലാ കോണുകളിലും എത്തിയതോടെ ക്രിയാത്മക സാമ്പത്തിക മേഖല ശക്തിപ്പെട്ടതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. ഡിജിറ്റൽ ഇന്ത്യ പദ്ധതിയിലൂടെ ചെറു ഗ്രാമങ്ങളിലെ യുവാക്കൾക്ക് പോലും അവസരം ലഭ്യമാകുന്നതായും അദ്ദേഹം ഡൽഹിയിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

**(ഹോൾഡ്-വോയ്സ്......)**

അടുത്ത മാസം ഒന്ന് മുതൽ നാലുവരെ മുംബൈയിൽ വേവ്സ് ഉച്ചകോടി നടക്കും.

**&&&&&&&&&&&&&&&&&&&**

## PIYUSH GOYAL

നീതിയുക്തമായ വ്യാപാരം പിന്തുടരുന്ന രാജ്യങ്ങളുമായി സഹകരിക്കാൻ ഇന്ത്യ ആഗ്രഹിക്കുന്നതായി കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ. വ്യാപാരം ചെയ്യുന്നതിന് തുല്ല്യ

അവസരങ്ങളാണ് ഇന്ത്യ നൽകുന്നതെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ഇന്ത്യ ഗ്ലോബൽ ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

&&&&&&&&&&&&&&&&&&&

## CONGRESS MEETING

അഖിലേന്ത്യ കോൺഗ്രസ് കമ്മിറ്റിയുടെ 84-ാമത് ദേശീയ കൺവെൻഷൻ ഇന്ന് ഗുജറാത്തിലെ അഹമ്മദാബാദിൽ ആരംഭിക്കും. കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയുടെ യോഗം ഇന്ന് അഹമ്മദാബാദിലെ സർദാർ വല്ലഭായ് പട്ടേൽ ദേശീയ സ്മാരകത്തിൽ നടക്കും. എഐസിസി സമ്മേളനം നാളെ സബർമതി നദീതീരത്ത് നടക്കും.

&&&&&&&&&&&&&&&&&&&

## ISL

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിന്റെ ഫൈനലിൽ ബെംഗളൂരു, മോഹൻ ബഗാനുമായി ഏറ്റുമുട്ടും. ഇന്നലെ നടന്ന രണ്ടാം സെമി ഫൈനൽ മത്സരത്തിൽ മോഹൻ ബഗാൻ എതിരില്ലാത്ത രണ്ടു ഗോളിന് ജംഷഡ്പൂരിനെ പരാജയപ്പെടുത്തിയാണ് കലാശക്കളിക്ക് യോഗ്യത നേടിയത്. ഈമാസം 12 നാണ് ഫൈനൽ.

&&&&&&&&&&&&&&&&&&&

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്നലെ നടന്ന കളിയിൽ മുംബൈ ഇന്ത്യൻസിനെ, റോയൽ ചലഞ്ചേഴ്സ് ബംഗളൂരു 12 റൺസിന് പരാജയപ്പെടുത്തി. ഇന്ന് ആദ്യ മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ലക്നൗ സൂപ്പർ

ജയിന്റ്സുമായും രണ്ടാമത്തെ കളിയിൽ പഞ്ചാബ് കിങ്സ്, ചെന്നൈ സൂപ്പർ കിങ്സുമായും ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&&

## MINIMUM MARK- SPECIAL CLASS

ഈ വർഷം മുതൽ മിനിമം മാർക്ക് സമ്പ്രദായം നടപ്പാക്കുന്ന എട്ടാം ക്ലാസിൽ ഏതെങ്കിലും വിഷയത്തിൽ ഏഴുത്തുപരീക്ഷയിൽ 30 ശതമാനം മാർക്ക് നേടാത്ത 86,309 കുട്ടികൾ പുനപരീക്ഷ എഴുതണം. പുനപരീക്ഷ എഴുതേണ്ടവർക്കുള്ള സ്പെഷ്യൽ ക്ലാസ് ഇന്നുമുതൽ 24 വരെ സ്കൂളുകളിൽ നടക്കും.

&&&&&&&&&&&&&&&&&&&

## CM - CONCLAVE

വൃത്തി 2025 ദേശീയ കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരം കനകക്കുന്നിൽ ഉദ്ഘാടനം ചെയ്യും. മാലിന്യ സംസ്കരണത്തിൽ സംസ്ഥാനം കൈവരിച്ച മുന്നേറ്റങ്ങളും, ഭാവി പദ്ധതികളും 5 ദിവസത്തെ കോൺക്ലേവ് ചർച്ച ചെയ്യും.

&&&&&&&&&&&&&&&&&&&

## K SMART- CM

തദ്ദേശഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ ഓൺലൈനിലൂടെ നൽകുന്ന കെ സ്മാർട്ട് സംവിധാനം മറ്റന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 87 മുനിസിപ്പാലിറ്റിയിലും ആറ് കോർപറേഷനിലും ലഭിച്ചുകൊണ്ടിരിക്കുന്ന കെ സ്മാർട്ട് സേവനങ്ങൾ മറ്റന്നാൾ

മുതൽ 941 പഞ്ചായത്തുകളിലും 152 ബ്ലോക്ക്, 14 ജില്ലാപഞ്ചായത്ത് എന്നിവിടങ്ങളിലും ലഭ്യമാകും.

&&&&&&&&&&&&&&&&&&&

## WEATHER KERALA

തെക്കൻ ബംഗാൾ ഉൾക്കടലിനുമുകളിൽ ന്യൂനമർദം രൂപപ്പെട്ടതായി കാലാവസ്ഥാ വകുപ്പ്. ഇതിന്റെ സ്വാധീനത്തിൽ സംസ്ഥാനത്ത് ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ ഇടിമിന്നലോടെ മഴയുണ്ടാകും. ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ശക്തമായ മഴയ്ക്കുള്ള മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&&

## OPERATION D-HUND

ഓപ്പറേഷൻ ഡി- ഹണ്ടിന്റെ ഭാഗമായി ഞായറാഴ്ച സംസ്ഥാന വ്യാപകമായി നടത്തിയ പ്രത്യേക പരിശോധനയിൽ 181 പേർ അറസ്റ്റിലായി. 169 കേസുകൾ രജിസ്റ്റർ ചെയ്തു. മയക്കുമരുന്ന് സംബന്ധിച്ച വിവരങ്ങൾ സ്വീകരിച്ച് നടപടിയെടുക്കാൻ ആന്റി നർക്കോട്ടിക്ക് കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. 94 97 92 77 97 എന്ന നമ്പരിലേക്ക് 24 മണിക്കൂറും വിവരങ്ങൾ അറിയിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&&

## MALAYSIA FLIGHT - TVM

കേരള ടൂറിസം വകുപ്പ് മലേഷ്യൻ എയർലൈൻസുമായി ചേർന്ന് നടപ്പാക്കുന്ന 'ലുക്ക് ഈസ്റ്റ്' പ്രചാരണ പദ്ധതിക്ക് തുടക്കമായി. പദ്ധതിയുടെ ഭാഗമായി 90 വിദേശ വിനോദ

സഞ്ചാരികളുമായി മലേഷ്യയിൽന്ന് പ്രത്യേക വിമാനം നാളെ തിരുവനന്തപുരത്തെത്തും.

**&&&&&&&&&&&&&&&&&&&**
**&&&&&&&&&&&&&&&**
**&&&&&&&&&**

आकाशवाणी